# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5790
# 19/11/2019 ലെ മറുപടിക്ക്

**നബാർഡിൽ നിന്നുള്ള വായ്പ**

| ചോദ്യം<br>ശ്രീ.എ.പി. അനിൽ കുമാർ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | 2019-20 ൽ നബാർഡ് സംസ്ഥാനത്തിന് വായ്പ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തുകയാണ് വായ്പ അനുവദിച്ചത്; വിശദമാക്കാമോ; | ഉണ്ട്. 2019-20 സാമ്പത്തിക വർഷം 500 കോടി രൂപയുടെ പദ്ധതികൾക്ക് നബാർഡ് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം നബാർഡ് വായ്പയായി നാളിതുവരെ 171,49,28,000 രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ കാർഷിക മേഖലയിൽ 7964.3 ലക്ഷം രൂപയും സാമൂഹ്യ മേഖലയിൽ 6785.97 ലക്ഷം രൂപയും റൂറൽ കണക്ടിവിറ്റി മേഖലയിൽ 2399.01 ലക്ഷം രൂപയുമാണ് വിനിയോഗിച്ചിട്ടുള്ളത്. |
| (ബി) | ഇത് ഏതെല്ലാം മേഖലയിൽ വിനിയോഗിക്കുവാനാണ് അനുവദിച്ചതെന്നറിയിക്കാമോ; | കാർഷിക അനുബന്ധമേഖല (Agriculture and related sectors), സാമൂഹ്യ മേഖല (Social Sectors), റൂറൽ കണക്ടിവിറ്റി (Rural Connectivity) എന്നീ മൂന്ന് മേഖലകളിൽ വിനിയോഗിക്കുന്നതിനു വേണ്ടിയാണ് നബാർഡ് വായ്പ അനുവദിച്ചിരിക്കുന്നത്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡിൽ നിന്നും ലഭിച്ച വായ്പകൾ ഏതെല്ലാം മേഖലകളിലാണ് വിനിയോഗിച്ചത്; വിശദാംശം നൽകുമോ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് RIDF (Rural Infrastructure Development Fund), WIF (Warehouse Infrastructure Fund), FPF (Food Processing Fund) എന്നീ ഇനത്തിൽ വായ്പയായി കാർഷിക അനുബന്ധമേഖല, സാമൂഹ്യ മേഖല, റൂറൽ കണക്ടിവിറ്റി എന്നീ മൂന്ന് മേഖലകളിൽ വിനിയോഗിക്കുന്നതിനായി 229050.317 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. |

തുക (ലക്ഷത്തിൽ)

| ക്രമ നം. | മേഖല | 2016-17 | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|---|
| 1 | കാർഷിക അനുബന്ധ മേഖല | 41964.01 | 21908.207 | 18413.82 | 7964.3 |
| 2 | സാമൂഹ്യ മേഖല | 23130.16 | 25304.27 | 28006.27 | 6785.97 |
| 3 | റൂറൽ കണക്ടിവിറ്റി | 21789.79 | 11652.95 | 19731.56 | 2399.01 |
| ആകെ | | **86883.96** | **58865.427** | **66151.65** | **17149.28** |

സെക്ഷൻ ഓഫീസർ